**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1113** **10-08-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി കട്ടിലമൂഴി വിസിബി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ കുന്നത്തുകര, കട്ടിലമൂഴി വിസിബി നിർമ്മാണം പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വളരെ വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ചതും ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്തതുമായ രണ്ട് വി.സി.ബികളാണ് മണിയൂർ പഞ്ചായത്തിലെ കട്ടിലമൂഴി വി.സി.ബിയും, കുന്നത്തുകര വിസിബിയും. ഈ രണ്ട് വി.സി.ബികളുടെയും പുനരുദ്ധാരണ പ്രവൃത്തിക്കായി ഫണ്ട നുവദിച്ചിരുന്നുവെങ്കിലും വിസിബിയുടെ പഴക്കവും മോശമായ അവസ്ഥയും കാരണം പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ ആരും തന്നെ മുന്നോട്ട് വന്നില്ല. 2018, 2019 വർഷങ്ങളിലെ പ്രളയത്തെ തുടർന്ന് വി.സി.ബിയുടെ അവസ്ഥ വീണ്ടും മോശമാവുകയും റിപ്പയർ ചെയ്ത് പ്രവർത്തന ക്ഷമമാക്കാൻ കഴിയാത്ത സ്ഥിതിയിലായതു കാരണം രണ്ടു വി.സി.ബികളും പുനർ നിർമ്മിക്കുന്നതാണ് ഉചിതം എന്ന് ബോധ്യ പ്പെട്ടതിനാൽ പുതുക്കിയ ഡി.എസ്.ആർ. 2018 നിരക്കിൽ കുന്നത്തുകര വി.സി.ബിയുടെ പുന:നിർമ്മാണത്തിന് 60 ലക്ഷം രൂപയുടെ DPR ഉം കട്ടിലമൂഴി SWE/VCB യുടെ പുന:നിർമ്മാണ ത്തിന് 50ലക്ഷം രൂപയുടെ DPR ഉം തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത വിസിബികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ? | (ബി) | മറുപടി എ പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ